# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3224** 23.03.2015-ൽ മറുപടിയ്ക്ക്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.ബി.സത്യൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് എല്ലാ വർഷവും ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ നിർവ്വഹിക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് കൊണ്ടുവന്നത് ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന് കൂടുതൽ സമയം ലഭിക്കുന്നതിനും അതുവഴി സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ പദ്ധതി നിർവ്വഹണം നടക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനുമായി ഒരു വർഷത്തെ പദ്ധതി അംഗീകാരം തൊട്ടുമുൻവർഷം നേടുന്നതിന് ഉദ്ദേശിച്ചാണ് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) | ഈ പരിഷ്ക്കാരങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞുവോ; ഇല്ലെങ്കിൽ അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | പൂർണ്ണമായും ഫലപ്രദമായിട്ടില്ലെങ്കിലും മുൻപഞ്ചവത്സര പദ്ധതി കാലഘട്ടങ്ങളെ അപേക്ഷിച്ച് പദ്ധതി രൂപീകരണ -അംഗീകാര നടപടികളുടെ വേഗം വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. |
| (സി) | ഇങ്ങനെ അവസാന നാളുകളിൽ ധൃതിപിടിച്ച് പദ്ധതി നടപ്പിലാക്കുന്നത് പദ്ധതിയുടെ നിലവാരത്തെ പ്രതികൂലമായി ബാധിക്കില്ലേ; ഇതു സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ? | (സി) | പദ്ധതി നിലവാരത്തെ പ്രതികൂലമായി ബാധിക്കാത്ത തരത്തിലാണ് മാർഗ്ഗരേഖ വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ